"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - അന്യത്ര സേവനം -ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.1776/2019/LSGD തീയതി,തിരുവനന്തപുരം, 16/08/2019

പരാമർശം:-

1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23-11-2019,31-01-2019 തീയതികളിലെഎൽ.എഫ്.10/2017/ലൈഫ് നം. കത്ത്.

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01-03-2019, തീയതിയിലെ എൽ.എഫ്.3/ADMN/DC/2017 നം. കത്ത്.

3. സ.ഉ(സാധാ) നം. 563/2019/ത.സ്വ.ഭ.വ തീയതി : 07.03.2019.

4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26.04.2019 തീയതിയിലെ എൽ.എഫ്.3 /അഡ്മിൻ /ഡി.സി /2017 /ലൈഫ് നം. ഉത്തരവ്.

5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.06.2019 തീയതിയിലെ എൽ.എഫ്.10/2017/ലൈഫ് നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലൈഫ് മിഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരുടെ അന്യത്രസേവന കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ അവരുടെ തുടർ സേവനം ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്ക് അനിവാര്യമായതിനാൽ തുടർ നിയമനത്തിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പരാമർശം 1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിയ്ക്കുകയുണ്ടായി.

| Sl. No | Name | Designation | Date of Joining | GO.No. |
|---|---|---|---|---|
| 1 | M.MUHAMMED HUWAIZ | Programme Manager | 26.10.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 2 | ANIL K N | District Co-Ordinator, Kannur | 1.11.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 3 | SREEHARI | District Co-Ordinator, Malappuram | 10.11.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 4 | GEORGE JOSEPH | District Co-Ordinator, Kozhikkode | 6.11.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 5 | SIBI VARGHESE K | District Co-Ordinator, Wayanad | 6.11.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 6 | EARNEST C THOMAS | District Co-Ordinator, Ernakulam | 21.11.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 7 | PRAVEEN K | District Co-Ordinator, Idukki | 4.12.2017 | GO(RT)No.3283/2017/LSGD/Thiruvananthapuram dated 11.10.2017 |
| 8 | SUBASH | District Co-Ordinator, Kottayam | 30.12.2017 | GO(RT)No.4108/2017/LSGD/Thiruvananthapuram dated 19.12.2017 |
| 9 | UDHAYA SIMHAN | District Co-Ordinator, Alappuzha | 27.12.2017 | GO(RT)No.4108/2017/LSGD/Thiruvananthapuram dated 19.12.2017 |

*2.* ഇതിൽ ശ്രീഹരി തന്റെ ഡെപ്യൂട്ടേഷൻ ക്യാൻസൽ ചെയ്തു ടിയാന്റെ മാതൃവകുപ്പായ ഗ്രാമ വികസന കമ്മീഷണറേറ്റിൽ തിരികെ അയക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടു സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാളെ മാതൃ വകുപ്പിലേക്ക് മടക്കി അയക്കുവാൻ *ലൈഫ് മിഷൻ ചീഫ എക്സിക്യൂട്ടീവ് ഡയറക്ടർക്ക്* സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനം, ഫണ്ട് വിതരണം, റീ ബിൽഡ് കേരള സംബന്ധിച്ച ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്നീ നിരവധി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകേണ്ട സാഹചര്യത്തിൽ ടിയാനെ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് 2019 മേയ് 31 വരെ സാവകാശം നൽകണമെന്ന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

## File No.LSGD-DB1/702/2018-LSGD

3. ലൈഫ് മിഷന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ടി ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിരുന്നു.

എന്നാൽ ലൈഫ് മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീ മുഹമ്മദ് ഹൈവെസിനെ (പ്രോഗ്രാം മാനേജർ - അഡ്മിനിസ്ട്രേഷൻ) പരാമർശം 3) പ്രകാരം ലൈഫ് മിഷനിൽ ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് വർക്കല നഗരകാര്യ സെക്രട്ടറിയായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 20.03.2019 ൽ ലൈഫ് മിഷനിൽ നിന്ന് പരാമർശം (4) പ്രകാരം വിടുതൽ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ശ്രീഹരി. എം. (ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ - മലപ്പുറം) നെ പരാമർശം 5) പ്രകാരം 30.04.2019 ൽ വിടുതൽ നൽകിയിട്ടുണ്ട് എന്നും ശ്രീ മുഹമ്മദ് ഹൈവെസ്, ശ്രീ ശ്രീഹരി എം. എന്നിവരുടെ ലൈഫ് മിഷനിലെ അധിക സേവന കാലാവധി റഗുലറൈസ് ചെയ്യുന്നതോടൊപ്പം പ്രൊപ്പോസലിൽ ഉൾപ്പെട്ട മറ്റ് എല്ലാ ഉദ്യോഗസ്ഥരുടേയും ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (5) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ഉദ്യോഗസ്ഥരുടെ കേസിൽ അവർ സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടും അവരുടേതല്ലാത്ത കാരണങ്ങളാലാണ് Overstayal ഉള്ളതായി കാണുന്നത് എന്നത് പരിഗണിച്ച് ലൈഫ് മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീ മുഹമ്മദ് ഹൈവെസിന്റെ ഡെപ്യൂട്ടേഷൻ കാലാവധി 20/03/2019 വരെയും മലപ്പുറം ജില്ലയിലെ ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്ററായി പ്രവൃത്തിച്ചിരുന്ന ശ്രീഹരിയുടെ ഡെപ്യൂട്ടേഷൻ കാലാവധി 30.04.2019 വരെയും മേൽ പട്ടികയിലെ ബാക്കി ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ കാലാവധി ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ച തിയതി മുതൽ ഒരു വർഷത്തേക്കു ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

നഗരകാര്യ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർ

ഗ്രാമ വികസന കമ്മീഷണർ

മുഹമ്മദ് ഹൈവെസ് (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം/നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

ശ്രീ.ശ്രീഹരി (ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

അനിൽ.കെ.എൻ, ജില്ലാ കോ-ഓർഡിനേറ്റർ,കണ്ണൂർ (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

ജ്യോർജ്ജ് ജോസഫ്, ജില്ലാ കോ-ഓർഡിനേറ്റർ, കോഴിക്കോട് (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

സിബി വർഗീസ്.കെ, ജില്ലാ കോ-ഓർഡിനേറ്റർ, വയനാട് (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

ഏണസ്റ്റ് .സി.തോമസ്, ജില്ലാ കോ-ഓർഡിനേറ്റർ, എറണാകുളം (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

പ്രവീൺ.കെ, ജില്ലാ കോ-ഓർഡിനേറ്റർ, ഇടുക്കി (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

സുബാഷ്, ജില്ലാ കോ-ഓർഡിനേറ്റർ, കോട്ടയം (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

ഉദയ സിംഹൻ, ജില്ലാ കോ-ഓർഡിനേറ്റർ,ആലപ്പുഴ (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ